©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2026 മാർച്ച് 13
13th March 2026
1201 കുംഭം 29
29th Kumbham 1201
1947 ഫാൽഗുനം 22
22nd Phalguna 1947

നമ്പർ
No.
1166

കേരള സർക്കാർ

വനം വന്യജീവി (ഇ)വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 12/2026/വനം

തിരുവനന്തപുരം, 2026 മാർച്ച് 12,
1201 കുംഭം 28,
1947 ഫാൽഗുനം 21.

എസ്. ആർ. ഒ. നമ്പർ 389/2026

2003 -ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21) 10 ബി വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2010 ആഗസ്റ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20-ാം തീയതിയിലെ സ.ഉ. (അച്ചടിച്ചത്) 55/2010/വനം നമ്പരായി പുറപ്പെടുവിച്ചതും 2010 സെപ്റ്റംബർ 15-ാം തീയതിയിലെ 2114-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 894/2010-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിൽ (iii) (എ), (ബി) ഇനങ്ങൾക്കു പകരം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :-

(iii) (എ) ഡോ. വി. ബി. ശ്രീകുമാർ, പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫോറസ്റ്റ് ബോട്ടണി ഫോറസ്റ്റ് ഇക്കോളജി ആന്റ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഡിവിഷൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, തൃശ്ശൂർ ജില്ല- 680653 – അംഗം;

(ബി) ഡോ. അരുൺ പി. ആർ., സയന്റിസ്റ്റ് ആന്റ് ഹെഡ്, ലാന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് റിസർച്ച് ഗ്രൂപ്പ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് , കുന്ദമംഗലം, കോഴിക്കോട് – അംഗം;

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

മിൻഹാജ് അലം ഐ. എ. എസ്.

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21) 10 ബി വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് രൂപീകരിച്ച പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ അവകാശ തർക്കപരിഹാര സമിതിയിലെ അംഗങ്ങളായ ഡോ. ചന്ദ്രശേഖർ, സീനിയർ സയന്റിസ്റ്റ്, ശ്രീ. സി. എം. സുശാന്ത്, സയന്റിസ്റ്റ് എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടി അംഗങ്ങൾക്ക് പകരമായി രണ്ട് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടത് തർക്കപരിഹാര സമിതിയുടെ പ്രവർത്തനത്തിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അത്യാവശ്യമായി തീർന്നിരിക്കുകയാണ്. ആയതിനാൽ 2010 ആഗസ്റ്റ് 20-ാം തീയതിയിലെ സ.ഉ. (അച്ചടിച്ചത്) 55/2010/വനം നമ്പരായി പുറപ്പെടുവിച്ചതും 2010 സെപ്റ്റംബർ 15-ാം തീയതിയിലെ 2114-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 894/2010-ാം നമ്പരായി പ്രസിദ്ധീകരിച്ച് വിജ്ഞാപനം ചെയ്തതുമായ പരിസ്ഥിതി ശാസ്ത്രപരമായി ദുർ ബ്ബലമായ ഭൂപ്രദേശ അവകാശ തർക്ക പരിഹാര സമിതിയിലെ അംഗങ്ങളായിരുന്ന ഡോ. ചന്ദ്രശേഖർ, ശ്രീ. സി. എം. സുശാന്ത് എന്നിവർക്കു പകരമായി ഡോ. വി. ബി. ശ്രീകുമാർ, ഡോ. അരുൺ പി. ആർ. എന്നീ ശാസ്ത്രജ്ഞന്മാരെ പ്രസ്തുത തർക്ക പരിഹാര സമിതിയിലെ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.13 01:23:29 +05:30